

# ഇടമലക്കുടി

## ഹ്രസ്വ-ദീർഘകാല പ്രശ്ന പരിഹാര മാർഗ്ഗങ്ങളും വികസന പദ്ധതികളും

# ആമുഖം

ഇടുക്കി ജില്ലയുടെ വനാന്തരങ്ങളിൽ സ്ഥിതിചെയ്യുന്ന കേരളത്തിലെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി ഇടമലക്കുടി സന്ദർശിച്ച് അവിടെ നിലവിലുള്ള പ്രതിസന്ധികളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി കുടി നിവാസികളുടെ സാമൂഹികവും സാമ്പത്തികവും, സാംസ്കാരികവുമായ പുരോഗതിയ്ക്കായി അടിയന്തിരമായി നടപ്പാക്കേണ്ട ഹ്രസ്വകാല വികസന പരിപാടികളും, ഇടമലക്കുടി നിവാസികളുടെ ഉന്നമനത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട വികസന പദ്ധതികളും സംബന്ധിച്ച വിശദമായ ശുപാർശകളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 25.02.2017 -ലെ സ.ഉ (സാധാ) നമ്പർ. 543/2017/തസ്വഭവ പ്രകാരം ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിലുള്ള സംഘത്തെ നിയോഗിച്ചിരുന്നതും, പ്രസ്തുത ടീം ഇടമലക്കുടിയിലെ വിവിധ കുടികളിൽ സന്ദർശനം നടത്തി താമസക്കാരുമായി ആശയവിനിമയം നടത്തി ഇടമലക്കുടി നിവാസികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെപ്പറ്റി പഠനം നടത്തുകയും ചെയ്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്.

മൂന്നാർ പട്ടണത്തിന് സമീപത്തായി റിസർവ്വ് വനത്തിൽ സ്ഥിതിചെയ്യുന്ന കേരളത്തിലെ ഏക ആദിവാസി പഞ്ചായത്താണ് ഇടമലക്കുടി.ചെങ്കുളം ജല സംഭരണിയുടെ നിർമ്മാണം നടത്തുന്നതിനായി കുടിയൊഴിപ്പിക്കപ്പെട്ട മുതുവാൻ വിഭാഗത്തിൽപ്പെടുന്ന ഏതാനും ആദിവാസി കുടുംബങ്ങളെ 1950 കളിൽ അന്നത്തെ തിരു-കൊച്ചി മുഖ്യമന്ത്രിയായിരുന്ന ശ്രീ.പട്ടം താണുപിള്ളയുടെ ഉത്തരവ് പ്രകാരം പെട്ടിമുടിക്ക് സമീപമുള്ള ആനമുടി റിസർവ്വ് വനത്തിലേക്ക് പുനരധിവസിപ്പിക്കുകയും, കാലക്രമേണ മറയൂർ, കാന്തല്ലൂർ, കൊട്ടാക്കമ്പൂർ മുതലായ പ്രദേശങ്ങളിൽ നിന്നുള്ള മുതുവാൻ കുടുംബങ്ങളും ഈ പ്രദേശത്തേക്ക് താമസം മാറ്റുകയും ചെയ്തു. ഇപ്രകാരം കുടിയേറിയവരും പുനരധിവസിപ്പിക്കപ്പെട്ടവരുമായ കുടുംബങ്ങൾ ജല ലഭ്യത, അനുയോജ്യമായ ഭൂപ്രകൃതി തുടങ്ങിയ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ റിസർവ്വ് വനത്തിലെ വിവിധ സ്ഥലങ്ങളിലായി താമസമാക്കിയിട്ടുള്ളതാണ്. 90 ചതുരശ്ര കിലോമീറ്ററോളം വിസ്തീർണ്ണമുള്ള ആനമുടി റിസർവ്വ് ഫോറസ്റ്റിൽ 28 കുടികളിലായി ഇപ്പോൾ എഴുനൂറിലധികം മുതുവാൻ കുടുംബങ്ങൾ ഉണ്ട്. കുടികൾ തമ്മിൽ ബന്ധിപ്പിക്കുന്നത് ദുർഘടമായ കാട്ടു പാതകളാണ്. മൂന്നാർ പട്ടണത്തിൽ നിന്നും രാജമല -പെട്ടിമുടി വഴി 35 കിലോ മീറ്റർ ദൂരെയായുള്ള ഇഡ്ഡലിപ്പാറക്കുടിയിൽ മാത്രമാണ് നിലവിൽ പരിമിതമായ വാഹന സൗകര്യമുള്ളത്.

വടക്ക് തമിഴ് നാടിന്റെ ആനമല ടൈഗർ റിസർവ്വ്, കിഴക്ക് ഇരവികുളം ദേശീയോദ്യാനം, തെക്ക് ഇരവികുളം ദേശീയോദ്യാനവും, ആനക്കുളം റെയ്ഞ്ചും, പടിഞ്ഞാറ് കോടനാട്, ആനക്കുളം റെയ്ഞ്ചുകൾ എന്നിവ അതിർത്തിയായി വരുന്ന സ്വാഭാവിക വനപ്രദേശമാണ് ഇടമലക്കുടിയിലെ വനമേഖല. പ്രധാനമായും നിത്യഹരിത വനങ്ങളാണ് ഇവിടെ കാണപ്പെടുന്നത്. കിഴക്ക് ഭാഗത്ത് ചോലവനങ്ങളും പുൽമേടുകളും കാണാം. നാങ്ക്, വെടിപ്ലാവ്,പാലി എന്നീ മരങ്ങൾ ധാരാളമായി കാണുന്നു. ആന, കാട്ടുപോത്ത്, കടുവ, പന്നി, മ്ലാവ്, പുലി, കരിമന്തി, സിംഹവാലൻകുരങ്ങ് മുതലായ വന്യമൃഗങ്ങളെ ഇവിടെ കാണാറുണ്ട്. മലമുഴക്കി വേഴാമ്പലും കാണപ്പെടുന്ന പ്രദേശമാണിത്. ഇടമലക്കുടി വന മേഖലയിൽ നിന്നാണ് പൂയംകുട്ടിയാർ, ഇടമലയാർ എന്നീ നദികളുടെ ഉൽഭവം.



ഇടമലക്കുടി നിവാസികളുടെ മുഖ്യ ഉപജീവന മാർഗ്ഗം കൃഷിയാണ്. കാർഷിക മേഖലയിലുണ്ടായ തകർച്ച ഇടമലക്കുടി നിവാസികളെ സാരമായി ബാധിച്ചിട്ടുണ്ട്. വാഹനത്തിൽ ഇഡ്ഡലിപ്പാറക്കുടിയിലെത്തിക്കുന്ന ഭക്ഷ്യവസ്തുക്കൾ തലച്ചുമടായാണ് മറ്റ് കുടികളിലെത്തിക്കുന്നത്. കാർഷിക ഉൽപന്നങ്ങൾ പുറത്തേക്ക് എത്തിക്കുന്നതും ഇതേ മാർഗ്ഗത്തിലാണ്. വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന നാലു കുടികൾ അവശ്യവസ്തുക്കൾക്കായി തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. വിദ്യാഭ്യാസം ആരോഗ്യ പരിപാലനം എന്നിവയിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ഇവിടെയുള്ളൂ. ആരോഗ്യ വകുപ്പിന്റെ വകയായി പ്രൈമറി ഹെൽത്ത് സെന്ററിന്റെ സബ് സെന്റർ ഉണ്ടെങ്കിലും പരിമിതമായ സൗകര്യങ്ങൾ മാത്രമാണിവിടെയുള്ളത്..

പല കാലഘട്ടങ്ങളിലായി വിവിധ വകുപ്പുകളും സർക്കാർ ഏജൻസികളും നിരവധി പദ്ധതികളും, വികസന പരിപാടികളും ഇടമലക്കുടി നിവാസികൾക്കായി ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും, പദ്ധതികളുടെ ഏകോപനവും നടത്തിപ്പും പൂർണ്ണമായ തോതിൽ ഇടമലക്കുടി നിവാസികളിലേക്കെത്തിക്കുന്നതിൽ പരാജയപ്പെട്ട സാഹചര്യമാണ് നിലവിലുള്ളത്. പരിമിതമായ യാത്രാ സൗകര്യങ്ങളും ആദിവാസി മേഖലയിൽ പ്രവർത്തന പരിചയമുള്ള ഉദ്യോഗസ്ഥരുടെ പ്രാദേശികമായ അഭാവവും ഇതിന് കാരണമായിട്ടുണ്ട്. ഇടമലക്കുടി സന്ദർശിച്ച് അവിടെ നിലവിലുള്ള പ്രതിസന്ധികളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി അടിയന്തിരമായി നടപ്പാക്കേണ്ട ഹ്രസ്വകാല വികസന പരിപാടികളും, ഇടമലക്കുടി നിവാസികളുടെ ഉന്നമനത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട വികസന പദ്ധതികളും സംബന്ധിച്ച വിശദമായ ശുപാർശകളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി 25.02.2017 -ലെ സ.ഉ (സാധാ) നമ്പർ. 543/2017/തസ്വഭവ പ്രകാരം ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിലുള്ള സംഘത്തെ നിയോഗിച്ചിരുന്നതും, പ്രസ്തുത ടീം ഇടമലക്കുടിയിലെ വിവിധ കുടികളിൽ സന്ദർശനം നടത്തി താമസക്കാരുമായി ആശയവിനിമയം നടത്തി നിലവിൽ ഇടമലക്കുടി നിവാസികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെപ്പറ്റി പഠനം നടത്തുകയും ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളടങ്ങിയ ശുപാർശകളും ചുവടെ ചേർക്കുന്നു.



## ഭരണ സംവിധാനത്തിലെ പോരായ്മകളും ആവശ്യമായ മാറ്റങ്ങളും

1. റിസർവ്വ് വനമേഖലയ്ക്കകത്തായാണ് ഇടമലക്കുടിയിലെ വിവിധ കുടികളിലായി മുതുവാൻ ആദിവാസി വിഭാഗം താമസിച്ചുവരുന്നത്. അതുകൊണ്ടുതന്നെ വനം വകുപ്പിനാണ് ഭരണപരമായ സ്വാധീനവും അധികാരവുമുള്ളത്. ഇടമലക്കുടിയിലേക്കുള്ള പാത തുടങ്ങുന്നത് മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിലുള്ള ഇരവികുളം ദേശീയോദ്യാനത്തിലൂടെയാണ്. എന്നാൽ ഇടമലക്കുടിയിലെ 25 കുടികളും സ്ഥിതിചെയ്യുന്നത് മൂന്നാർ ടെറിട്ടോറിയൽ ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള മൂന്നാർ റേയ്ഞ്ചിലാണ്.

    - ആദിവാസികൾ പാർക്കുന്ന വനമേഖലകളിലെ വന സംരക്ഷണവും ആദിവാസികളുടെ ക്ഷേമവും ഒരുപോലെ മുന്നോട്ടു കൊണ്ടുപോകുന്നതിൽ ഏറ്റവുമധികം പ്രായോഗിക ക്ഷമതയും പ്രവൃത്തി പരിചയവുമുള്ളത് വൈൽഡ് ലൈഫ് ഡിവിഷനുകൾക്കാണ്. പെരിയാർ ടൈഗർ റിസർവ്, ആനമലൈ ടൈഗർ റിസർവ്, പറമ്പിക്കുളം ടൈഗർ റിസർവ്, മേഘമല വന്യജീവി സങ്കേതം, സൈലന്റ് വാലി ദേശീയോദ്യാനം, തുടങ്ങിയ വന മേഖലകളിൽ വൈൽഡ് ലൈഫ് ഡിവിഷൻ ആദിവാസികളെ ഉൾപ്പെടുത്തി നടത്തിവരുന്ന

വന സംരക്ഷണവും ആദിവാസി സമൂഹത്തിന്റെ സുസ്ഥിര വികസനവും ഇതിന് ഉത്തമ ഉദാഹരണമാണ്.

- ഇടമലക്കുടിയിലൂടെ കടന്നുപോകുന്ന നാല് പ്രധാന നദികൾ - സൊസൈറ്റിക്കുടിയുടെ സമീപത്തുകൂടിയൊഴുകുന്ന മണലിയാർ, ഇഡ്ഡലിപ്പാറക്കുടിക്ക് സമീപത്തുകൂടിയൊഴുകുന്ന ഇഡ്ഡലിപ്പാറപ്പുഴ, പരപ്പയാർ കുടിയിലൂടെ കടന്നുപോകുന്ന പരപ്പയാർ, ഇവ മൂന്നും ചെന്നു ചേരുന്ന ഇടമലയാർ- ഉൽഭവിക്കുന്നതും ഇവയുടെ പ്രധാന ക്യാച്ച്മെന്റ് ഏരിയ ഉൾപ്പെടുന്നതും ഇരവികുളം നാഷണൽ പാർക്കിലാണ്. ആനമുടി ഹിൽസിനും, കണ്ണൻ ദേവൻ ഹിൽസിനും ഇടയിലുള്ള വൻ താഴ്വരയുടെ പ്രധാന ജല സ്രോതസ്സുകൾ സംരക്ഷിച്ച് സമഗ്രമായ നീർത്തട പരിപാലന പദ്ധതി രൂപീകരിക്കുന്നതിന്, ഈ പുഴകളും അവയുടെ ഉറവിടങ്ങളും ഒരുപോലെ സംരക്ഷിക്കേണ്ടതുണ്ട്.
- ഇടമലക്കുടിയിൽ നടക്കുന്ന വന്യമഗങ്ങളുടെ ആക്രമണത്തിനും കൃഷിനാശത്തിനും പ്രധാന കാരണം ഈ പ്രദേശങ്ങളിലുണ്ടായിരുന്ന ആനത്താരകളും മറ്റ് വന്യമൃഗങ്ങളുടെ ആവാസ കേന്ദ്രങ്ങളും കൃഷിക്കായി പരിവർത്തനം ചെയ്യപ്പെട്ടു എന്നതാണ്. അതുകൊണ്ടുതന്നെ ശാസ്ത്രീയമായ രീതിയിൽ ഉള്ള വനവൽക്കരണം (Eco Restoration) നടത്തി ഈ താരകൾ പുനസ്ഥാപിച്ചാൽ മാത്രമേ ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം തേടാൻ സാധിക്കൂ.
- മുതുവാൻ സമുദായവും, ഇരവികുളം ദേശീയോദ്യാനവും തമ്മിൽ ചരിത്രപരമായ ബന്ധമുണ്ട്. 1951 -ലാണ് ആദ്യമായി ചെങ്കുളം ജലസംഭരണിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എട്ട് മുതുവാൻ കുടുംബങ്ങളെ തേയിലക്കമ്പനിയുടെ ഗെയിം റിസർവ്വ് (ഇന്നത്തെ ഇരവികുളം ദേശീയോദ്യാനം) സംരക്ഷിക്കുന്നതിനായി കേയിക്കൊമ്പൻ എന്ന സ്ഥലത്ത് (പരപ്പയാർ കുടിക്കടുത്ത്) പുനരധിവസിപ്പിച്ചത്. കേരളത്തിൽ മറ്റൊരു വന മേഖലയിലുമില്ലാത്ത 'മുതുവാൻ വാച്ചർ' എന്ന തസ്തിക ഇരവികുളം ദേശീയോദ്യാനത്തിൽ ഇന്നും നിലനിൽക്കുന്നത് അന്നു തുടങ്ങിയ ബന്ധത്തിന്റെ തെളിവാണ്.

മേൽ പറഞ്ഞ കാരണങ്ങളാൽ ഇടമലക്കുടിയെ മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ അധീനതയിൽ കൊണ്ടുവരേണ്ടത് അനിവാര്യമാണ്. എന്നാൽ എഴുനൂറിൽ പരം കുടുംബങ്ങൾ താമസിക്കുന്ന പ്രദേശത്തെ സംരക്ഷിത മേഖലയാക്കുക അസാധ്യമാണ്. ആയതിനാൽ റിസർവ്വ് വനം എന്ന പദവി നിലനിർത്തിക്കൊണ്ടുതന്നെ മൂന്നാർ വൈൽഡ്ലൈഫ് ഡിവിഷന്റെ കീഴിൽ 'ഇടമക്കുടി റെയ്ഞ്ച്' രൂപീകരിക്കുന്നതിനാവശ്യമായ തീരുമാനം സർക്കാർ ഉത്തരവിലൂടെ കൈക്കൊള്ളാവുന്നതാണ്.

2. 2010 -ൽ പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ട ഇടമലക്കുടി പശ്ചിമഘട്ടത്തിലെ ഏക ട്രൈബൽ പഞ്ചായത്താണ്. എന്നാൽ പൂർണ്ണമായും വനമേഖലയ്ക്കുള്ളിൽ പെട്ടതും ആദിവാസികൾ മാത്രമുൾപ്പെടുന്നതുമായ ഈ പഞ്ചായത്ത് തദ്ദേശ സ്വയംഭരണം എന്ന മഹത്തായ ലക്ഷ്യം പൂർണ്ണമായും സാക്ഷാൽകരിച്ചിട്ടില്ല. കർശനമായ വന നിയമങ്ങൾ, കുടികൾ തമ്മിലുള്ള ദൂരക്കൂടുതൽ, റോഡ്, ആധുനിക ആശയ വിനിമയ സംവിധാനങ്ങൾ എന്നിവയുടെ അഭാവം, ആദിവാസികളുടെ പൊതുവായുള്ള അജ്ഞത എന്നിവയാണ് ഇതിന്റെ പ്രധാന കാരണങ്ങൾ.

ആയതിനാൽ പ്രത്യേക പരിഗണന നൽകി പഞ്ചായത്തിനെ ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

- പഞ്ചായത്തിന് തനത് ഫണ്ട് സമാഹരിക്കുന്നതിന് നിലവിൽ യാതൊരു സാധ്യതയുമില്ല. സ്വന്തമായി വരുമാനം നേടാനുള്ള പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. സംരക്ഷിക്കപ്പെടേണ്ട വന മേഖല കൂടിയായ ഇടമലക്കുടിയിൽ പ്രവേശിക്കുന്ന ആദിവാസികൾ, പ്രത്യേക ഉത്തരവോടുകൂടി പ്രവേശിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ എന്നിവരൊഴികെ എല്ലാവർക്കും ഇടമലക്കുടിയിൽ പ്രവേശിക്കുന്നതിന് പ്രത്യേക നികുതി ഏർപ്പെടുത്താവുന്നതാണ്. കൂടാതെ ഇടമലക്കുടിയിൽ പ്രവേശിക്കുന്ന എല്ലാ വാഹനങ്ങൾക്കും പ്രത്യേക നികുതി ഏർപ്പെടുത്തി ലഭിക്കുന്ന വരുമാനം പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് വകയിരുത്താവുന്നതാണ്. നിലവിൽ ഇടമലക്കുടിയിലെ പല കുടികളിലായി ധാരാളം കെട്ടിടങ്ങൾ പല വകുപ്പുകളുടേയും അധീനതയിലായുണ്ട്. ഇവയിൽ ഭൂരിഭാഗവും ഉപയോഗമില്ലാതെ പൂട്ടിക്കിടക്കുന്നവയാണ്. ഈ കെട്ടിടങ്ങളെല്ലാം ഉടൻ തന്നെ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കൊണ്ടുവരികയും, മെഡിക്കൽ ക്യാമ്പുകളുൾപ്പെടെയുള്ള പരിപാടികൾ നടത്തുന്നതിനായി ഫീസ് ഈടാക്കി വിട്ടു നൽകാവുന്നതുമാണ്. പെട്ടിമുടിയിൽ നിന്നും സൊസൈറ്റിക്കുടിവരെയുള്ള ജീപ്പ് റോഡിൽ പഞ്ചായത്ത് സമയക്രമം പാലിച്ച് ജീപ്പ് സർവ്വീസ് നടത്തുന്നതിലൂടെ കുടി നിവാസികൾക്ക് വർദ്ധിച്ച വാഹന സൗകര്യം ലഭ്യമാവുകയും യാത്രക്കൂലിയിൽ നിന്നും പഞ്ചായത്തിന് തനതു ഫണ്ടിലേക്ക് വരുമാനമാവുകയും ചെയ്യും. കൂടാതെ കുടിക്ക് പുറത്തുള്ളവർ ഇപ്പോൾ നടത്തുന്ന ജീപ്പ് സർവ്വീസിലൂടെ കുടിക്കാർക്ക് ഉണ്ടാകുന്ന ചൂഷണത്തിന് പരിഹാരമാവുകയും ചെയ്യും. (ഒരു യാത്രക്കാരനിൽ നിന്നും ശരാശരി 300 രൂപയാണ് നിലവിൽ ഈടാക്കുന്നത്)
- പ്രവേശന ഫീസ് ഈടാക്കുന്നതിനായി ഇടമലക്കുടിയിലേക്കുള്ള 3 പ്രധാന കവാടങ്ങളിൽ (രാജമല, ആനക്കുളം, വാൽപ്പാറ) പൂർണ്ണമായും പഞ്ചായത്തിന്റെ അധീനതയിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്. കുടികളിലെ എല്ലാ ആളുകൾക്കും ആധാറുമായി ബന്ധിപ്പിച്ച് ബയോ മെട്രിക് തിരിച്ചറിയൽ കാർഡുകൾ നൽകുകയും പുറത്തുനിന്നുള്ളവർക്ക് ഈ ചെക്ക് പോസ്റ്റുകളിൽ നിന്നും അവരുടെ തിരിച്ചറിയൽ രേഖ പരിശോധിച്ച് ഫോട്ടോ എടുത്ത് പാസ്സ് നൽകുകയും ചെയ്യാവുന്നതാണ്. ഇതിലൂടെ ഭാവിയിൽ ഉണ്ടായേക്കാവുന്ന പല ചൂഷണങ്ങളും തടയുവാൻ സാധിക്കുന്നതാണ്.
- ഇടമലക്കുടി പഞ്ചായത്തിന്റെ വികസനത്തിനായി പല പദ്ധതികളും രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവയിൽ ഒന്നുംതന്നെ പൂർണ്ണമായ ഫലപ്രാപ്തി നേടിയിട്ടില്ല. കേരളത്തിലെ മറ്റ് പഞ്ചായത്തുകളിലെ അതേ Schedule of Rates (SOR) തന്നെയാണ് ഇടമലക്കുടിയിലും ബാധകമാക്കിയിട്ടുള്ളത് എന്നതാണ് ഇതിന്റെ പ്രധാന കാരണം. നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിന് അനുയോജ്യമായ റോഡുകളുടെ അഭാവത്തിൽ ഈ നിരക്ക് അപര്യാപ്തമാവുകയും നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കരാർ ജോലിക്കാർ വിസമ്മതിക്കുകയോ ഏറ്റെടുത്താൽ തന്നെ പാതിവഴിയിൽ ഉപേക്ഷിച്ച് പോവുകയോ ചെയ്യുന്നു. ഈയിടെ നടപ്പിലാക്കിയ ഒ.ഡി.എഫ് പദ്ധതി ഇതിന് ഉത്തമ ഉദാഹരണമാണ്. ആയതിനാൽ ഇടമലക്കുടി പഞ്ചായത്തിനായി പ്രത്യേക SOR തയ്യാറാക്കേണ്ടത് അനിവാര്യമാണ്.

3. 2010 -ൽ രൂപീകരിക്കപ്പെട്ട് ഏഴു വർഷമായി പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും മേൽപ്പറഞ്ഞ വിവിധ കാരണങ്ങളാൽ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമായിട്ടില്ലാത്ത ഇടമലക്കുടി പഞ്ചായത്തിന് സ്വയം പര്യാപ്തത നേടുന്നത് വരെ പഞ്ചായത്തിൽ നടപ്പാക്കുന്ന പദ്ധതികളും മറ്റ് വികസന പരിപാടികളും കൃത്യമായി മേൽനോട്ടം നടത്തുന്നതിനും ആവശ്യമായ നിയന്ത്രണങ്ങളും, ഉപദേശവും നൽകുന്നതിനും ഒരു താൽക്കാലികസ്വഭാവമുള്ള പ്രത്യേക സമിതിയുടെ ആവശ്യമുണ്ട്.

- ഇതിലേക്ക് ദേവികുളം സബ്കളക്ടർ (സബ് കളക്ടറുടെ അഭാവത്തിൽ മറ്റേതെങ്കിലും ഐ.എ.എസ് ഉദ്യോഗസ്ഥൻ) , മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ, ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ എന്നിവർ ഉൾപ്പെടുന്ന Edamalakudi Development Authority (EDA) എന്ന പേരിൽ ഒരു വികസന ഏജൻസി രൂപീകരിക്കേണ്ടതാണ്.
- ഇടമലക്കുടിയിൽ എല്ലാ സർക്കാർ , സർക്കാരിതര സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും ഈ ഏജൻസിയുടെ അറിവോടെയും അംഗീകാരത്തോടെയും മാത്രം നടപ്പാക്കേണ്ടതുമാണ്.
- ഇടമലക്കുടിയിൽ വേണ്ട വികസന പ്രവർത്തനങ്ങളും, മറ്റ് ആവശ്യങ്ങളും സംബന്ധിച്ച് ഊരു കൂട്ടങ്ങൾ സംഘടിപ്പിച്ചും പഞ്ചായത്തുമായി ചർച്ച ചെയ്തും EDA വിശദമായ പഠനങ്ങൾ നടത്തുകയും വിവിധ വകുപ്പുകളുടെ പദ്ധതി രൂപീകരണത്തിൽ ഈ പഠനങ്ങൾ പ്രതിഫലിക്കുകയും വേണം.

4. ഇടമലക്കുടിയുടെ ഭൗതിക സാഹചര്യം കാരണം ഉദ്യോഗസ്ഥരുടെ സേവനം എല്ലാ ദിവസവും നിലവിലെ അവസ്ഥയിൽ ലഭ്യമാകുന്നില്ല. അതുകൊണ്ടുതന്നെ പല സർക്കാർ സേവനങ്ങളും സമയബന്ധിതമായും ഫലപ്രദമായും ഇടമലക്കുടി നിവാസികൾക്ക് ലഭിക്കാതെ പോകുന്ന സാഹചര്യമാണ് നിലവിലുള്ളത്. റോഡ് സൗകര്യമില്ലാത്തതും, ആവശ്യത്തിന് താമസ, ഭക്ഷണ സൗകര്യങ്ങളില്ലാത്തതും ഇതിന് കാരണങ്ങളാണ്. ഈ സാഹചര്യത്തിൽ സർക്കാർ സേവനങ്ങളും തടസ്സമില്ലാതെ ലഭ്യമാക്കുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

- ഇടമലക്കുടിയിൽ ജോലിചെയ്യുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് മുമ്പ് അവരുടെ സമ്മതവും സന്നദ്ധതയും കായിക ക്ഷമതയും ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ ഇത്തരത്തിൽ സന്നദ്ധരായി മുന്നോട്ടുവരുന്ന ഉദ്യോഗസ്ഥരെ ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസായിട്ടില്ലെങ്കിലും പരിഗണിക്കേണ്ടതാണ്.
- ഇടമലക്കുടിയിലെ എല്ലാ ഉദ്യോഗസ്ഥരും കുടികൾക്ക് പുറത്തുനിന്നുള്ളവരായതിനാൽ ദിവസവും വന്നുപോകുക അസാധ്യമാണ്. ആയതിനാൽ ഇടമലക്കുടിയിൽ ജോലിചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥർക്കും (എല്ലാ വകുപ്പുകളിലുൾപ്പെട്ടവർക്കും) 15 ദിവസത്തെ ഷിഫ്റ്റ് ഏർപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ ജോലി ക്രമീകരിക്കുന്നതിനായി ഓരോ തസ്തികയിലും രണ്ട് ഉദ്യോഗസ്ഥരെ വീതം നിയമിക്കേണ്ടതുണ്ട്. ഇതിലൂടെ എല്ലാ വകുപ്പുകളുടേയും സേവനം 24x7 ഉറപ്പുവരുത്താവുന്നതാണ്.
- ഇടമലക്കുടിയിൽ ഇതുവരെ സേവനമനുഷ്ഠിച്ചിട്ടുള്ളതും സ്വയം സന്നദ്ധരായി സേവനത്തിന് വരുന്നതുമായ എല്ലാ ഉദ്യോഗസ്ഥർക്കും Good Service Entry അനുവദിക്കാവുന്നതാണ്.

- ഇടമലക്കുടിയിൽ ജോലിചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥർക്കും താമസ സൗകര്യം ഏർപ്പെടുത്തുന്നതിനായി പഞ്ചായത്ത് ഡോർമെട്രി/ഡബിൾ റൂം സംവിധാനം ഏർപ്പെടുത്തുകയും നടത്തിപ്പിനായി ഉദ്യോസ്ഥരിൽ നിന്നും ചെറിയൊരു തുക പഞ്ചായത്ത് ഈടാക്കുകയും ചെയ്യേണ്ടതാണ്.
- ഇടമലക്കുടി വന്യമൃഗ ശല്യവും, പ്രകൃതി ദുരന്ത സാധ്യതയുമുള്ള പ്രദേശമായതിനാൽ ഇവിടെ ജോലിചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥർക്കും അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തേണ്ടതാണ്.
- ഇടമലക്കുടിയിൽ ഉദ്യോഗസ്ഥരുടെ കൃത്യമായ സേവനം ഉറപ്പുവരുത്തുന്നതിന് ഇടമലക്കുടിയിൽ നിന്നുതന്നെ യോഗ്യരായ യുവാക്കളെ കഴിയുന്നത്ര തസ്തികകളിലെല്ലാം പ്രത്യേക പരിഗണനയും പരിശീലനവും നൽകി നിയോഗിക്കേണ്ടതാണ്.

## വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ പോരായ്മകളും പരിഹാര മാർഗ്ഗങ്ങളും

### 1. വിദ്യാഭ്യാസം




നിലവിൽ ഇടമലക്കുടിയിൽ നാലാംതരം വരെയുള്ള ഒരു സർക്കാർ സ്കൂൾ പ്രവർത്തിക്കുന്നു. സൊസൈറ്റിക്കുടിയിലുള്ള ഈ സ്കൂളിന് പുറമേ ഐ.റ്റി.ഡി.പി യുടെ 3 ഏകാധ്യാപക വിദ്യാലയങ്ങളും (പരപ്പയാർ, മീൻകുത്തി, ഇഡ്ഡലിപ്പാറ കുടികളിൽ), എസ്.എസ്.എ യുടെ 9 ഏകാധ്യാപക വിദ്യാലയങ്ങളും (വെള്ളവര, ഷഡ്ഡുകുടി, കണ്ടത്തിക്കുടി, കവക്കാട്ടുകുടി, കീഴ്‌വളയാംപാറക്കുടി, മുളകുതറക്കുടി, നെന്മണൽക്കുടി, ഇരുപ്പുവയൽക്കുടി, ഒളക്കയം ) പ്രവർത്തിക്കുന്നു.

- എൽ.പി സ്കൂളിൽ 32 കുട്ടികളും ഇഡ്ഡലിപ്പാറയിലെ ഏകാധ്യാപക വിദ്യാലയത്തിൽ 14 കുട്ടികളും, മീൻകുത്തിക്കുടിയിലെ ഏകാധ്യാപക വിദ്യാലയത്തിൽ 16 കുട്ടികളും ഒഴിച്ചാൽ മറ്റ് ഏകാധ്യാപക വിദ്യാലയങ്ങളിൽ വളരെ കുറച്ച് കുട്ടികളേ നിലവിൽ പഠിക്കുന്നുള്ളൂ.
- ഇടമലക്കുടിയിൽ ടി.ടി.സി, 10, 12 ക്ലാസ്സുകൾ പാസ്സായ അനേകം പേരുണ്ടെങ്കിലും ഒരു ഏകാധ്യാപക വിദ്യാലയത്തിൽ പോലും കുടിയിലുള്ളവർ പഠിപ്പിക്കുന്നില്ല. ഏകാധ്യാപക വിദ്യാലയങ്ങളിൽ അധ്യാപകരുടെ വേതനം 5000/- രൂപ മാത്രമാണ്. അതുകൊണ്ടുതന്നെ ഈ സ്കൂളുകളിലെ പഠന നിലവാരം അതിദയനീയമാണ്.

- താരതമ്യേന ഭേദപ്പെട്ട നിലവാരം പുലർത്തുന്ന എൽ.പി സ്കൂളിൽ പോലും അധ്യാപകർ ഷിഫ്റ്റ് എന്നപോലെ പ്രവർത്തിക്കുന്നു. ഇവർ താമസിക്കുന്നതും പാചകം ചെയ്യുന്നതും ക്ലാസ്സ് മുറികളിൽ തന്നെയാണ്. ക്ലാസ്സ് മുറികളുടെ എണ്ണത്തിലും നിലവാരത്തിലും സാരമായ കുറവുകളുണ്ട്.
- മറ്റ് കുടികളിൽ നിന്നും സൊസൈറ്റി കുടിയിലേക്ക് ശരാശരി 3 മണിക്കൂർ ദുർഘടവും വന്യമൃഗ ശല്യമുള്ളതുമായ പാതകളിലൂടെ കുട്ടികൾക്ക് നടക്കേണ്ടതുണ്ട്. ആയതിനാൽ ദൂരെയുള്ള കുടികളിൽനിന്നും 1 മുതൽ 4 ക്ലാസ്സുവരെ പഠിക്കുന്ന തീരെ പ്രായം കുറഞ്ഞ പല കുട്ടികൾ പോലും മറയൂർ, അടിമാലി ഭാഗങ്ങളിലുള്ള സ്വകാര്യ റസിഡൻഷ്യൽ സ്കൂളുകളിലാണ് പഠിക്കുന്നത്. ഇത്തരത്തിൽ കുടിക്ക് പുറത്തേക്ക് പെൺകുട്ടികളെ അയക്കാൻ കഴിയാത്തതിനാൽ അവരുടെ വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നുണ്ട്.

ഇത്തരത്തിൽ തികച്ചും അപര്യാപ്തമായ വിദ്യാഭ്യാസ സൗകര്യങ്ങളാണ് ഇടമലക്കുടിയിലുള്ളത്. ഒരു സമൂഹത്തിന്റെ നിലനിൽപും ഭാവി പുരോഗതിയും ഉറപ്പുവരുത്തുന്നതിൽ വിദ്യാഭ്യാസത്തിനുള്ള സുപ്രധാന പങ്ക് കണക്കിലെടുത്ത് താഴെപ്പറയുന്ന ഹ്രസ്വ -ദീർഘകാല നടപടികൾ പ്രാവർത്തികമാക്കേണ്ടതായിട്ടുണ്ട്.

- ഏകാധ്യാപക വിദ്യാലയങ്ങൾ ഫലപ്രദമല്ലായെന്ന് തെളിയിക്കപ്പെട്ടതിനാൽ സൊസൈറ്റിക്കുടിയിലെ എൽ.പി സ്കൂൾ കേന്ദ്രീകരിച്ച് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തി നിലവിൽ ഏകാധ്യാപക വിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികളേയും എൽ.പി സ്കൂളിലേക്ക് മാറ്റേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ കൂടുതൽ കുട്ടികളെ ഉൾക്കൊള്ളുന്നതിനാവശ്യമായ സൗകര്യങ്ങൾ സ്കൂളിൽ ഏർപ്പെടുത്തണം. ഏറെ ദൂരം സഞ്ചരിച്ച് ദിവസവും സ്കൂളിൽ വരുന്ന കുട്ടികൾക്ക് പ്രഭാത ഭക്ഷണം ഉറപ്പുവരുത്തണം.
- ഇടമലക്കുടിയിൽ നിന്നും നാലാംതരം പാസായി ഇറങ്ങുന്ന കുട്ടികളിൽ പലർക്കും പ്രവേശന പരീക്ഷ ഉള്ളതിനാൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ (MRS) പ്രവേശനം ലഭിക്കുന്നില്ല. ആയതിനാൽ ഇടമലക്കുടിയിലെ യോഗ്യരായ എല്ലാ കുട്ടികൾക്കും പ്രത്യേക പരിഗണന നൽകി MRS കളിൽ തുടർപഠനത്തിന് അവസരംലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.
- വർഷങ്ങൾക്ക് മുമ്പ് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയവരേയും ബ്രിഡ്ജ് കോഴ്സുകൾ നടത്തി തുടർപഠനത്തിന് യോഗ്യരാക്കുകയും മേൽപ്പറഞ്ഞതുപോലുള്ള അവസരം ലഭ്യമാക്കുകയും വേണം.
- ദീർഘകാലാടിസ്ഥാനത്തിൽ ഇടമലക്കുടിയിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പഠിക്കുന്നതിനായി മൂന്നാർ കേന്ദ്രീകരിച്ച് ഒരു പ്രത്യേക MRS രൂപീകരിക്കേണ്ടതുണ്ട്.

## 2. ആരോഗ്യം

അനീമിയ, പോഷകാഹാരക്കുറവ്, മാസം തികയാതെ നടക്കുന്ന പ്രസവം, ഗർഭിണികളുടെ പോഷകാഹാരക്കുറവും മറ്റ് കാരണങ്ങളും കൊണ്ട് നവജാത ശിശുക്കളിൽ ഉണ്ടാകുന്ന ഭാരക്കുറവ് തുടങ്ങിയവയാണ് ഇടമലക്കുടിയിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾ. 2016 -ൽ 4 നവജാത ശിശുമരണങ്ങളാണ് ഉണ്ടായിട്ടുള്ളത്.

- 28 കുടികളിലെ എഴുനൂറോളം കുടുംബങ്ങൾക്കായി സൊസൈറ്റിക്കുടിയിൽ പ്രവർത്തിക്കുന്ന മൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഒരു സബ് സെന്റർ മാത്രമാണുള്ളത്. മാസത്തിൽ ഒന്നോ രണ്ടോ തവണ മാത്രമേ ഡോക്ടറുടെ സേവനം ഇവിടെലഭ്യമാകുന്നുള്ളു. കുടികളിൽ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളും കൃത്യമായ ഇടവേളകളിൽ നടക്കാറില്ല. പ്രതിരോധ വാക്സിനുകൾ സൂക്ഷിക്കുന്നതിന് ആരോഗ്യ ഉപകേന്ദ്രത്തിൽ ഫ്രീസർ സൗകര്യമില്ല.


PHC Sub Center @ Society Kudy

- പരമ്പരാഗതമായി ആർത്തവകാലത്ത് സ്ത്രീകളെ താമസിപ്പിക്കുന്നതിന് മുതുവാൻ സമുദായം ഉപയോഗിക്കുന്ന വാലായ്മപ്പുരകളും വളരെ ശോചനീയമായ അവസ്ഥയിലാണുള്ളത്. വാലായ്മപ്പുരകളിൽ പോകുന്നത് ഒഴിവാക്കുന്നതിനായി ആർത്തവ കാലം നീട്ടിവയ്ക്കുന്നതിനുള്ള കൃത്രിമ മാർഗ്ഗമായി ഗർഭനിരോധന ഗുളികകൾ ദുരുപയോഗം ചെയ്യുന്നതായും കാണുന്നു.

ഇടമലക്കുടി നിവാസികളുടെ ആരോഗ്യ-കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന ഹ്രസ്വകാല -ദീർഘകാല പദ്ധതികൾ നടപ്പാക്കേണ്ടതായി കാണുന്നു.

- ഇടമലക്കുടി നിവാസികളുടെ ആരോഗ്യപ്രശ്നങ്ങൽ പരിഹരിക്കുന്നതിന് ഡോക്ടറുടെ 24 മണിക്കൂർ സേവനം ഉറപ്പുവരുത്തിക്കൊണ്ട് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം ആരംഭിക്കേണ്ടതും, കുടികൾ തമ്മിലുള്ള ദൂരവും എത്തിപ്പെടുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിച്ച് ഇരുപതിൽ കുറയാത്ത രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യവും പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഏർപ്പെടുത്തേണ്ടതാണ്.
- ഗർഭിണികളിലും നവജാത ശിശുക്കളിലും ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രാഥമികാരോഗ്യ കേന്ദ്രത്തോട് ചേർന്നുതന്നെ ഒരു Neonatal സൗകര്യമടക്കമുള്ള ഒരു Maternity Hostel ഒരുക്കേണ്ടതും, ഗർഭിണികളെ മുൻകൂട്ടിത്തന്നെ ഈ ഹോസ്റ്റലിലേക്ക് പ്രവേശിപ്പിക്കുന്നതിലൂടെ മാസം തികയാതെയുള്ള പ്രസവങ്ങളും മറ്റ് പ്രസവാനന്തര പ്രശ്നങ്ങളും പരിഹരിക്കാവുന്നതാണ്. ദീർഘകാലത്തിൽ ഈ ഒരുക്കങ്ങൾ



ഏർപ്പെടുത്തുന്നത് വരെ ഇത്തരത്തിലൊരു ഹോസ്റ്റൽ ചിത്തിരപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഉടൻ ഏർപ്പെടുത്തേണ്ടതാണ്.

- എല്ലാ കുടികളിലും ആധുനിക രീതിയിൽ നിർമ്മിച്ച Napkin Vending Machine സൗകര്യങ്ങളോടുകൂടിയ വാലായ്മപ്പുരകൾ നിർമ്മിക്കേണ്ടതാണ്.
- ഇടമലക്കുടിയിൽ വിവിധ വകുപ്പുകളും സർക്കാരിതര സ്ഥാപനങ്ങളും നടത്തുന്ന മെഡിക്കൽ ക്യാമ്പുകൾക്ക് EDA യുടെ മുൻകൂർ അനുമതിയും നിർദ്ദേശവും നിർബന്ധമാക്കുന്നതിലൂടെ ഒരു മെഡിക്കൽ ക്യാമ്പ് കലണ്ടർ രൂപപ്പെടുത്തുകയും വർഷം മുഴുവൻ എല്ലാ കുടികളിലും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യാവുന്നതാണ്.

### 3. വാർത്താവിനിമയം

ലോകമെമ്പാടും നൂതന വാർത്താ വിനിമയസാങ്കേതികവിദ്യകൾ വികസനത്തിന് ചുക്കാൻ പിടിക്കുന്ന ഈ കാലഘട്ടത്തിലും ഇടമലക്കുടിയിൽ അടിസ്ഥാന വാർത്താ വിനിമയ സംവിധാനങ്ങളില്ല. അടിയന്തിരമായി വിനിമയം നടത്തേണ്ട ദുരന്തങ്ങൾ, ജനന മരണങ്ങൾ എന്നിവസംബന്ധിച്ച വാർത്തകൾ പോലും ഇടമക്കുടിക്കാർ വൈകിയാണ് അറിയുന്നത്. ആ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥയ്ക്കും സർക്കാർസംവിധാനങ്ങളുടെ പരാജയത്തിനും മുഖ്യമായ കാരണവും വാർത്താ വിനിമയ സംവിധാനങ്ങളുടെ അപര്യാപ്തതയാണ്. രോഗികളേയും ഗർഭിണികളേയും ആശുപത്രിയിലെത്തിക്കുന്നതിനു വരുന്ന കാലതാമസം, വന്യമൃഗങ്ങളുടെ സാന്നിധ്യം സംബന്ധിച്ചുള്ള അറിയിപ്പുകൾ നൽകുന്നതിലെ കാലതാമസം എന്നിങ്ങനെ കുടിക്കാർ ദൈനംദിനം നേരിടുന്ന പല പ്രശ്നങ്ങളും മൊബൈൽ കണക്റ്റിവിറ്റിയുടെ അഭാവം മൂലമാണ് ഉണ്ടാകുന്നത്. ആയതിനാൽ ഇടമലക്കുടിയിലെ എല്ലാ കുടികളിലും അടിയന്തിരമായി മൊബൈൽ കണക്റ്റിവിറ്റി ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. കുറച്ചാളുകൾക്ക് വേണ്ടി മൊബൈൽ കണക്റ്റിവിറ്റി ഒരുക്കുന്നത് ലാഭകരമല്ല എന്ന ബി.എസ്.എൻ.എൽ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വാദം തികച്ചും അനുചിതവും അംഗീകരിക്കാനാവാത്തതുമാണ്. ഈ സാഹചര്യത്തിൽ സർക്കാർ പ്രത്യേക ഫണ്ട് ഇതിനായി വകയിരുത്തുകയോ മറ്റ് സ്വകാര്യ കമ്പനികളിലൂടെ സേവനം ഉറപ്പുവരുത്തുകയോ ചെയ്യണം.

### 4. ഭവന നിർമ്മാണം

1950 മുതൽ അടുത്ത കാലം വരെ മുളങ്കമ്പുകൾ ചേർത്തുവച്ച് അവയ്ക്ക് പുറമേ കുഴമണ്ണ് തേച്ച് ഭിത്തികളുണ്ടാക്കുകയും പുല്ല് മേഞ്ഞ് മേൽക്കൂരകൾ തീർക്കുകയും ചെയ്താണ് ഇടമലക്കുടിയിലെ മുതുവാൻ വിഭാഗം പരമ്പരാഗതമായി വീടുകൾ നിർമ്മിച്ചുവന്നിരുന്നത്. എന്നാൽ വിവിധ സർക്കാർ വകുപ്പുകളുടെ ഭവന നിർമ്മാണ പദ്ധതികളിലൂടെ പരിചയപ്പെട്ട സിമന്റ് ഇഷ്ടികകൊണ്ടുള്ള ഭിത്തികളും ഷീറ്റ് മേഞ്ഞ മേൽക്കൂരകളും ഉള്ള വീടുകളോടാണ് ഇവർക്ക് ഇപ്പോൾ താൽപര്യം. ഇതോടെ നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള തനതായ നിർമ്മാണ ശൈലി അന്യം നിന്ന് പോകുന്നതാണ് കാണുന്നത്.

- റോഡുകളുടേയും അടിസ്ഥാന സൗകര്യങ്ങളുടേയും അഭാവത്തിൽ നൂതന നിർമ്മാണ രീതികൾക്കാവശ്യമായ സാമഗ്രികൾ എല്ലാ കുടികളിലേക്കും എത്തിക്കുക അപ്രായോഗികമാണ്. 2012- 13 -ലെ ഇടമലക്കുടി പാക്കേജിന്റെ ഭാഗമായി നിർമ്മിക്കേണ്ടിയിരുന്ന 250 വീടുകളിൽ 150 എണ്ണം മാത്രമേ പൂർത്തികരിക്കാൻ കഴിഞ്ഞുള്ളൂ എന്നത് ഇതിന് തെളിവാണ്.




- ഇന്നത്തെ അവസ്ഥയിൽ 400 രൂപ വില വരുന്ന സിമന്റ് ചാക്ക് പരപ്പയാർ കുടി എത്തുമ്പോൾ അതിന്റെ വില 1000 രൂപയായി ഉയരുന്നു.
- ചുമട്ട് തൊഴിലാളികളുടെ അഭാവവും ഈ നിർമ്മാണ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.
- ഈ സാഹചര്യത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പരമ്പരാഗത ശൈലിയിലുള്ള ഗൃഹ നിർമ്മാണമാണ് ഇടമലക്കുടിക്ക് ഏറ്റവും അനുയോജ്യമായത്.
- ഇത്തരത്തിലുള്ള ഗൃഹ നിർമ്മാണശൈലിയിൽ ആയിരക്കണക്കിന് വീടുകൾ നിർമ്മിച്ച് പ്രാഗൽഭ്യം തെളിയിച്ച അനേകം സംഘടനകൾ കേരളത്തിൽ തന്നെയുണ്ട്. ഇവയെ EDA യുടെ Empanelled Agency ആയി നിയോഗിച്ച്, ഇടമലക്കുടിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകാവുന്നതാണ്.
- പരമ്പരാഗത ശൈലിയിലുള്ള വീട് നിർമ്മാണത്തിലേക്ക് ഇടമലക്കുടി നിവാസികളെ കൊണ്ടുപോകുന്നതിനും, നിർമ്മാണ മേഖലയിൽ നഷ്ടപ്പെട്ട ആത്മവിശ്വാസം വീണ്ടെടുക്കുന്നതിനും, ഇത്തരത്തിൽ നിർമ്മിച്ച ഒരു മാതൃകാ ഗൃഹമെങ്കിലും ഓരോ കുടിയിലും നിർമ്മിക്കാവുന്നതാണ്. ഇത്തരം വീടുകൾ ആധുനിക വീടുകളുടെ അത്രതന്നെ ഈടും ഉറപ്പും ഉള്ളതുതന്നെയാണെന്ന് കുടിക്കാരെ മനസ്സിലാക്കുന്നതിനും പരമ്പരാഗത രീതിയിലേക്ക് അവരെ തിരിച്ചുകൊണ്ടുപോകുന്നതിനും ഇതിലൂടെ സാധിക്കും.



## 5. കൃഷിയും ഉപജീവനവും

പത്ത് വർഷം മുമ്പ് വരെ ഓരോ മുതുവാൻ കുടുംബവും നെല്ല് കേപ്പ, കുരുമുളക്, റാഗി, ബീൻസ് എന്നിങ്ങനെ പല വിഭവങ്ങളും കൃഷിചെയ്ത് വന്നിരുന്നു. ഇതിനായി ഓരോ കുടുംബവും പത്തും ഇരുപതും ഏക്കർ വനം പരിവർത്തനപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ കഴിഞ്ഞ പത്ത് വർഷം കൊണ്ട് ഇടമലക്കുടി നിവാസികൾ കൃഷിയിൽ നിന്നും പിന്നോക്കം പോവുകയും, ഉൽപാദനം പരിമിതമാവുകയും ചെയ്തു. കാട്ടുമൃഗങ്ങളുടെ ആക്രമണവും, ജല ലഭ്യതക്കുറവും ആണ് ഇതിന്റെ പ്രധാനകാരണങ്ങൾ. എന്നാൽ ആനമുടി റിസർവ്വ് വനത്തിന്റെ നല്ലൊരു ഭാഗം കൃഷിക്കായി പരിവർത്തനം ചെയ്യപ്പെട്ട സാഹചര്യത്തിൽ നല്ല കർഷകർഎന്നറിയപ്പെട്ടിരുന്ന ഇമലക്കുടിനിവാസികളെ കൃഷിയിലേക്ക് തിരികെ കൊണ്ടുപോകേണ്ടത് അനിവാര്യമാണ്.

- ഇടമലക്കുടിയെ മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ കൊണ്ടുവന്ന് പരമ്പരാഗത മൃഗ സഞ്ചാരപാതകൾ പുനസ്ഥാപിക്കുന്നതിലൂടെ ഒരു പരിധിവരെയെങ്കിലും മൃഗങ്ങളുടെ ആക്രമണം കുറയ്ക്കുവാൻ സാധിക്കും.
- വന്യ മൃഗങ്ങളുടെ ശല്യം നിമിത്തം 3 കുടികളിലെ ആളുകൾ താമസ സ്ഥലമുപേക്ഷിച്ച് മറ്റ് കുടികളിലേക്ക് താമസം മാറിയിട്ടുള്ളതായി കാണുന്നു. വന്യ ജീവികളുടെ വിഹാര കേന്ദ്രമായ പ്രദേശം വെട്ടിത്തെളിച്ച് താമസത്തിനായി തെരഞ്ഞെടുത്തതുകൊണ്ടാണ് ഈ ദുരവസ്ഥ സംഭവിച്ചത്. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട കുടികളുടെ പ്രദേശം Invasive Species -ൽ ഉൾപ്പെട്ട സസ്യങ്ങൾ വളർന്ന് വന്യജീവികൾക്ക് സഞ്ചരിക്കാനോ ആഹാരം തേടാനോ കഴിയാത്ത വിധത്തിലുള്ള അവസ്ഥയിലാണുള്ളത്. ഇതുമൂലം ആനകളടക്കമുള്ള വന്യജീവികൾ ആഹാരം തേടുന്നതിനും മറ്റും പുതിയ പ്രദേശങ്ങൾ അന്വേഷിച്ച് നീങ്ങുന്നതിനും ഇത് ജനവാസ മേഖലയിലുള്ള കൃഷിയിടങ്ങൾക്ക് ഭീഷണിയാകുന്നതിനും കാരണമായേക്കും. അതിനാൽ ഉപേക്ഷിക്കപ്പെട്ട കുടികൾ സ്ഥാപിച്ചിരുന്ന പ്രദേശങ്ങളിലെ ആനത്താരകളും മറ്റ് വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയും പുനസ്ഥാപിക്കുന്നതിന് Eco Restoration Method ഉപയോഗിച്ച് സ്വാഭാവിക വനവൽക്കരണം നടത്തേണ്ടത് അനിവാര്യമാണ്.



- ഇതോടൊപ്പം ജല ലഭ്യത കൂടി ഉറപ്പുവരുത്തിയാൽ കൃഷിയിലേക്ക് വീണ്ടും തിരിച്ച് പോകുന്നതിനുള്ള ആത്മവിശ്വാസം ഇടമലക്കുടി നിവാസികൾക്ക് ഉണ്ടാകും.

- ഇതിന്റെ തുടക്കം എന്ന നിലയ്ക്ക് ഓരോ കുടിയിലും 5 ഏക്കർ സ്ഥലമെങ്കിലും പരമ്പരാഗതവും ആധുനികവുമായ കൃഷിരീതികൾ സമന്വയിപ്പിച്ച് ഒരു Model Farm ക്രമീകരിക്കേണ്ടതാണ്.
- നിലവിൽ ഇടമലക്കുടിയിലുള്ള കുടുംബശ്രീയുടെ 56 Joint Liability Group (JLG) കളിലൂടെ ഈ മോഡൽ ഫാമുകൾ പ്രവർത്തിപ്പിക്കുകയും കൂട്ടു കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.
- ഇത്തരത്തിൽ മോഡൽഫാം കൃഷി നടത്തുന്നവർക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തേണ്ടതാണ്.

കൃഷിയും വന വിഭവ ശേഖരണവും ജീവനോപാധിയായി കൊണ്ടുനടന്നിരുന്ന ഇടമലക്കുടിക്കാർ ഇതിൽനിന്നും പിൻമാറാനുണ്ടായ മറ്റൊരു പ്രധാന കാരണം ഉല്പന്നങ്ങൾക്ക് മതിയായ വിലയും വിപണിയും കിട്ടാത്തതാണ്. ഇടമലക്കുടിയിലെ ആദിവാസികളുടെ കാർഷിക- വന ഉൽപന്നങ്ങളുടെ വിപണനം നടത്തുന്നതിന് 1976 -ൽ രൂപീകരിച്ച ദേവികുളം ഗിരിജൻ ഡവലപ്മെന്റ് സൊസൈറ്റി 2010 വരെ സഹായം നൽകിയിരുന്നുവെങ്കിലും 2010 -ൽ വന സംരക്ഷണ സമിതികൾ രൂപീകരിച്ചതോടെ ഈ പ്രവൃത്തി വന സംരക്ഷണ സസമിതികളിലൂടെ മാത്രം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. മൂന്നര വർഷത്തോളം വി.എസ്.എസ് പ്രവർത്തിച്ചിരുന്നെങ്കിലും സമയബന്ധിതമായി ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും വി.എസ്.എസ് ന് സാധിക്കാതെ പോവുകയും ഇതിനെ തുടർന്ന് ഇടനിലക്കാർക്കും വ്യാപാരികൾക്കും കുടിക്കാർ നേരിട്ട് ഉൽപ്പന്നങ്ങൾ വിൽപന നടത്തിത്തുടങ്ങി. എന്നാൽ നിലവിൽ തുടർന്നുവരുന്ന ഈ വ്യവസ്ഥ ആദിവാസികളുടെ അജ്ഞതയെ ചൂഷണം ചെയ്യുന്നതിന് വേദിയൊരുക്കുന്നുണ്ട്. ഇടനിലക്കാരുടേയും കച്ചവടക്കാരുടേയും ഒത്തുകളിയിലൂടെ വിപണി വിലയേക്കാളും ഒരുപാട് താഴ്ന്നവിലയ്ക്കാണ് ഉല്പന്നങ്ങൾ വിൽക്കേണ്ടിവരുന്നത്.

- EDA യുടെ കീഴിൽ കുടുംബശ്രീയേയും പഞ്ചായത്തിനേയും ഏകോപിപ്പിച്ച് കാർഷിക- വന ഉൽപ്പന്നങ്ങൾ നേരിട്ട് ശേഖരിക്കുന്നതിനും ഏറ്റവും ലാഭകരമായ വിപണിയിലേക്ക് എത്തിച്ച് കുടിക്കാർക്ക് അർഹമായ വില ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ ഉറപ്പുവരുത്തേണ്ടതാണ്.
- ഇത്തരത്തിൽ ശേഖരിച്ച ഉൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും നേരിട്ട് വിപണനം നടത്തുന്നതിനും വേണ്ട സൗകര്യങ്ങൾ മൂന്നാർ ടൗണിൽ ഏർപ്പെടുത്തേണ്ടതാണ്. ഇതിനായി ദേവികുളം സബ് കളക്ടറും മൂന്നാർ ഡി.എഫ്.ഒയും ചേർന്ന് 5 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇത് കൈമാറി കിട്ടുന്നതിനായി സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ സ്ഥലത്തിന്റെ കൈമാറ്റം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ഇടമലക്കുടിയിൽ പരമ്പരാഗത ശൈലിയിൽ ഉൽപാദിപ്പിക്കുന്ന/ശേഖരിക്കുന്ന ഏലം കാട്ടുകുരുമുളക്, തേൻ കുന്തിരിക്കം തുടങ്ങിയ വന വിഭവങ്ങൾ ഔഷധ മൂല്യവും ഉയർന്ന വിപണന മൂല്യമുള്ളതുമാണ്. എന്നാൽ ഈ മൂല്യം തിരിച്ചറിയാത്ത ആദിവാസികളെ ഇടനിലക്കാർ ചൂഷണം ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. EDA യുടെ സഹായത്തോടെ ഇത്തരം ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ബ്രാൻഡിങ്ങ് നൽകുകയും ഇവയുടെ വിപണന മൂല്യം വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്. കൂടാതെ ഇടമലക്കുടിയുടെ പ്രത്യേകത കണക്കിലെടുത്ത് ഉൽപ്പന്നങ്ങൾക്ക് Geographical Indicator (GI) മുദ്ര ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ഇത്തരത്തിൽ അംഗീകാരങ്ങൾ ലഭിക്കുന്നത് കൃഷിയിലേക്കും പരമ്പരാഗത ശൈലികളിലേക്കും തിരികെ പോകുന്നതിന് പ്രചോദനമാവുകയും ചെയ്യുന്നതാണ്.

- ഇതുപോലെ തന്നെ പ്രത്യേകതകളുള്ള ഇടമലക്കുടിയിലെ കരകൗശല ഉൽപ്പന്നങ്ങളായ കുട്ട, വട്ടി കണ്ണാടിപ്പരമ്പ്, മുറം തുടങ്ങിയവയേയും മേൽപ്പറഞ്ഞ വിധത്തിൽ ബ്രാൻഡിങ്ങ് നടത്തി വിപണി കണ്ടെത്താവുന്നാണ്.

## 6. റേഷനിങ്ങ്


Ration store @ Society Kudi run by Devikulam Girijan Development Society

ഇടമലക്കുടിയിൽ നിന്നുള്ള പ്രതിനിധികളെ ഭരണ സമിതി അംഗങ്ങളാക്കി 1976 -ൽ രൂപീകൃതമായ ദേവികുളം ഗിരിജൻ ഡവലപ്മെന്റ് സൊസൈറ്റി എന്ന സഹകരണ സ്ഥാപനം വഴിയാണ് കുടി നിവാസികൾക്ക് റേഷൻ വിതരണം നടത്തുന്നത്. അരി, ഗോതമ്പ് പഞ്ചസാര, മണ്ണെണ്ണ എന്നിവയാണ് വിതരണം നടത്തുന്നത്. മൂന്നാർ ടൗണിലുള്ള പ്രധാന ഓഫീസും സൊസൈറ്റിക്കുടിയിലും പരപ്പയാർ കുടിയിലുമുള്ള വിതരണ കേന്ദ്രങ്ങളും വഴിയാണ് എല്ലാ കുടികളിലേക്കും റേഷൻ എത്തിക്കുന്നത്. സൗജന്യ നിരക്കിലാണ് ഭക്ഷ്യവസ്തുക്കളും മണ്ണെണ്ണയും വിതരണം നടത്തുന്നത്. വിതരണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ള കുടികളിലേക്ക് അകലെയുള്ള കുടികളിൽ നിന്നും മണിക്കൂറുകൾ സഞ്ചരിച്ചാണ് ആളുകൾ റേഷൻ വാങ്ങുന്നതിന് എത്തുന്നത്. ഇത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ എല്ലാ കുടികളിലും റേഷൻ കടകൾ അനുവദിക്കുന്നതും, ഇവയുടെ ഭരണവും നടത്തിപ്പും കുടികളിലെ തന്നെ അടിസ്ഥാന വിദ്യാഭ്യാസം ലഭിച്ച യുവാക്കളെ ചുമതലപ്പെടുത്തുന്നതും തൊഴിൽപരമായും സാമൂഹികമായുമുള്ള വികാസത്തിന് ഉപകരിക്കുന്നതാണ്. EDA നേതൃത്വത്തിൽ പഞ്ചായത്തുമായി സഹകരിച്ച് ഓരോ കുടികളിൽ നിന്നും സന്നദ്ധരായ അടിസ്ഥാന വിദ്യാഭ്യാസം ലഭിച്ച യുവാക്കളെ കണ്ടെത്തി റേഷൻ വിതരണ ശൃംഖല വിപുലപ്പെടുത്താവുന്നതാണ്. ദേവികുളം ഗിരിജൻ ഡവലപ്മെന്റ് സൊസൈറ്റിയുമായി ബന്ധപ്പെട്ട് നിരവധി ആരോപണങ്ങളുള്ളതിനാൽ സൊസൈറ്റിയുടെ മുൻകാല പ്രവർത്തനം സർക്കാർ തലത്തിൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

## 7. വൈദ്യുതി

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി സൊസൈറ്റി കുടിയിലും സമീപ കുടികളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞെങ്കിലും കൂടുതൽ വിദൂര കുടികളിലേക്ക് ഈ വൈദ്യുതി എത്തിക്കുന്നത് ഒരു വിദൂര സ്വപ്നമാണ്. ഈ കുടികളിൽ സൗര വൈദ്യുതി സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും ഇവയുടെ ആയുസ്സ് ഏതാനും വർഷങ്ങൾ മാത്രമാണെന്നാണ് ചരിത്രം പഠിപ്പിച്ചിരിക്കുന്നത്. വർഷം മുഴുവൻ പ്രവാഹമുള്ള ജല സ്രോതസ്സുകൾ ലഭ്യമായ പരപ്പയാർകുടി, ആണ്ടവൻ കുടി പോലുള്ള പ്രദേശങ്ങളിൽ വൈദ്യുതി ലഭിക്കുന്നതിനായി

Mini Hydro Electric Projects ആരംഭിക്കാവുന്നതാണ്. ചിന്നാർ വനത്തിലെ തായണ്ണൻകുടിയിൽ വെറും 5 ലക്ഷം രൂപ ചെലവിൽ വനം വകുപ്പ് തയ്യാറാക്കി വിജയകരമായി പ്രവർത്തിക്കുന്ന ജല വൈദ്യുത പദ്ധതി ഇതിന് മാതൃകയാണ്.

**8. കുടിവെള്ളം**

അഞ്ചോളം നദികൾ വർഷം മുഴുവൻ ജലസമൃദ്ധമായി ഒഴുകിയിരുന്ന ഒരു കാലം ഇടമലക്കുടിയിലുണ്ടായിരുന്നു. എന്നാൽ നിലവിൽ കുടിവെള്ളത്തിന് പോലും ദൗർലഭ്യം അനുഭവപ്പെട്ടതിനെ തുടർന്ന് ഇടമലക്കുടിയെ പ്രത്യേക പരിഗണന നൽകി സമ്പൂർണ്ണ ജലനിധി പഞ്ചായത്തായി പ്രഖ്യാപിച്ചു. 3 വർഷം മുമ്പ് പ്രവർത്തനമാരംഭിച്ച ജലനിധി വെറും 700 കുടുംബങ്ങളുള്ള പഞ്ചായത്തിലെ സർവ്വേ പോലും പൂർത്തീകരിച്ചിട്ടില്ലയെന്നതാണ് യാഥാർത്ഥ്യം. ആവശ്യത്തിന് പ്രകൃതിദത്ത ജലസ്രോതസ്സുകളുള്ള ഇടമലക്കുടിയിൽ ഈ ജലം വൈദ്യുതി ഉപയോഗിച്ച് പമ്പ് പോലും ചെയ്യേണ്ടിവരാതെ നേരിട്ട് വീടുകളിലെത്തിക്കുന്നതിനാണ് ജലനിധി വിഭാവനം ചെയ്തിരുന്നത്. ജലം സംഭരിക്കുന്നതിനുള്ള ടാങ്കുകളോ, പമ്പ് ഹൗസുകളോ ആവശ്യമില്ലാത്ത പദ്ധതിയായിരുന്നിട്ട് പോലും, ഒരിക്കലും നീതീകരിക്കാനാവാത്ത ഉയർന്ന എസ്റ്റിമേറ്റുകളാണ് ജലനിധി തയ്യാറാക്കിയിരിക്കുന്നത്. ഇതിന് ഉദാഹരണമാണ് മീൻകുത്തി കുടിയിലെ 68 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് തയ്യാറാക്കിയ 78 ലക്ഷം രൂപയുടെ എസ്ററിമേറ്റ്. സാങ്കേതിക മികവിന്റെയും പ്രവൃത്തിപരിചയത്തിന്റേയും അഭാവമാണ് ഇത് കാണിക്കുന്നത്. ഇത്തരം ദുർഘടമായ മേഖലകളിൽ വിജയകരമായി പദ്ധതികൾ നടപ്പിലാക്കിയ പ്രവൃത്തി പരിചയമുള്ള വിദഗ്ദ്ധരെ ഉപയോഗിച്ച് ഇടമലക്കുടിയിലെ ജല സ്രോതസ്സുകളെക്കുറിച്ചും ജലത്തിന്റെ ആവശ്യത്തെക്കുറിച്ചുമുള്ള പഠനങ്ങൾ നടത്തി ജലനിധി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ പുപരിശോധിച്ച് പുതിയ പദ്ധതികൾ വിഭാവനംചെയ്യേണ്ടത് അത്യാവശ്യമാണ്.

**9. ഗതാതതം**



മുകളിൽ സൂചിപ്പിച്ച വിഷയങ്ങളെല്ലാം പരിഗണനയിലെടുത്താൽ തന്നെയും കുടികളിലെ ജനങ്ങളുമായും ജനപ്രതിനിധികളുമായും ആശയവിനിമയം നടത്തിയതിൽ നിന്നും അവരുടെ പ്രധാന ആവശ്യം കുടികളെ മൂന്നാറുമായി ബന്ധിപ്പിക്കുന്ന റോഡാണെന്ന് വ്യക്തമായിട്ടുണ്ട്. ഇടമലക്കുടിയിലേക്കുള്ള പ്രധാന പ്രവേശന മാർഗ്ഗം രാജമലയിൽ നിന്നും തുടങ്ങി പെട്ടിമുടി വഴി ഇഡ്ഡലിപ്പാറക്കുടിയിലവസാനിക്കുന്ന റോഡാണ്. രാജമലയിൽ നിന്നു തുടങ്ങി പെട്ടിമുടിവരെ 19 കി.മീ ടാറിട്ട റോഡും (ഇതിൽ തുടക്കത്തിലെ രണ്ട് കിലോ മീറ്റർ

ഇരവികുളം ദേശീയോദ്യാനത്തിനകത്തുകൂടിയാണ് പോകുന്നത്) തുടർന്ന് പെട്ടി മുടിയിൽ നിന്നും വനാതിർത്തിയിൽ വരെ 3 കി.മീ കോൺക്രീറ്റ് റോഡും വനാതിർത്തിയിൽ നിന്ന് ഇഡ്ഡലിപ്പാറ വരെ 7.2 കി.മീ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന കല്ലുപാകിയ റോഡുമാണ് ഉള്ളത്. ഈ വനാതിർത്തിക്കുള്ളിലുള്ള റോഡിന്റെ നിർമ്മാണ പ്രവർത്തനം 2012-13 ലെ ഇടമലക്കുടി പാക്കേജിലുൾപ്പെടുത്തിയാണ് ആരംഭിച്ചത്. മൂന്ന് ഘട്ടങ്ങളിലായി നിർമ്മിക്കാനുദ്ദേശിച്ച റോഡ്




KITCO യുടെ മേനോട്ടത്തിൽ വി.എസ്.എസ് നേരിട്ടാണ് നിർമ്മിക്കുന്നത്. ഇതിനായി 3.3 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയതെങ്കിലും 2.8 കോടി രൂപ മാത്രമാണ് വകയിരുത്തിയത്. ഇതിൽ നിന്നും അനുവദിച്ച 1.87 കോടി രൂപയിൽ 66 ലക്ഷം രൂപ ഇതുവരെ ചെലവാക്കിയിട്ടുള്ളതും, ആദ്യ ഘട്ടത്തിലെ റോഡ് കല്ല് പാകിയിട്ടുള്ളതും, ശേഷിക്കുന്ന 2 ഘട്ടങ്ങളിലായി 5.2 കി.മീ റോഡ് സെക്ഷനിങ്ങ് പൂർത്തീകരിച്ച മൺറോഡായി കാണാവുന്നതുമാണ്. ഇരവികുളം ദേശീയോദ്യാനത്തിനോട് ചേർന്നുകിടക്കുന്ന ഈ റോഡ് നിർമ്മിക്കുന്നതിനാവശ്യമായ കല്ല് പുറത്തുനിന്നും കൊണ്ടുവരണം എന്നതായിരുന്നു നിർദ്ദേശമെങ്കിലും, വന ത്തിനുള്ളിൽനിന്നുതന്നെ ധാരാളം പാറ പൊട്ടിച്ചെടുത്തതായി മനസ്സിലാക്കുവാൻ സാധിച്ചു. ഈ പ്രവൃത്തി ദേശീയോദ്യാനത്തിന്റെ പരിസ്ഥിതിയേയും ജൈവ വൈവിധ്യത്തേയും ബാധിച്ചിട്ടുണ്ടാകാം. വനത്തിനുള്ളിൽ നിന്നും പാറ പൊട്ടിക്കുകയോ മണ്ണ് നീക്കം ചെയ്യുകയോ ചെയ്യാതെ വന മേഖലയുടെ പരിസ്ഥിതിയേയും ജൈവ വൈവിധ്യത്തേയും ബാധിക്കാത്ത രീതിയിൽ റോഡിന്റെ നിർമ്മാണം പുനരാരംഭിച്ച് അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

പൂർണ്ണമായും സംരക്ഷിത മേഖലയായ വനാന്തരങ്ങളിൽ സ്ഥിതിചെയ്യുന്ന ഇടമലക്കുടി പഞ്ചായത്ത് നിവാസികളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് Edamalakudi Development Authority (EDA), യുടെ മേനോട്ടത്തിൽ പഞ്ചായത്ത്, മൂന്നാർ വൈൽഡ്ലൈഫ് ഡിവിഷൻ എന്നിവയിലൂടെ മേൽപറഞ്ഞ വിധത്തിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയാൽ കാർഷിക മേഖലയിൽ ആറ് മാസത്തിനകവും മറ്റ് മേഖലകളിൽ വിദൂരമല്ലാത്ത ഭാവിയിലും മികച്ച പുരോഗതി കൈവരിക്കുവാനും, ഇടമലക്കുടി നിവാസികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസവും, ആരോഗ്യ പരിപാലന സൗകര്യങ്ങളും വാർത്താ വിനിമയ സൗകര്യങ്ങളും, സുരക്ഷിതമായ പാർപ്പിടങ്ങളും, അവരുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണിയും ഉറപ്പാക്കുന്നതിലൂടെ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുവാൻ സർക്കാരിന് കഴിയുമെന്നത് തർക്കമില്ലാത്ത വസ്തുതയാണ്.അതിനായി വിവിധ വകുപ്പുകളുടെ സഹകരണം സർക്കാർ തലത്തിൽ ഉറപ്പാക്കേണ്ടതും, സാങ്കേതിക സഹായങ്ങൾക്ക് ഉദ്യോഗസ്ഥരിൽ നിന്നുമല്ലാതെ അതാതു മേഖലകളിലുള്ള പ്രഗൽഭരും മാതൃകാപരമായ പ്രവർത്തന പരിചയമുള്ള വിദഗ്ധരുമായ ആളുകളുടെ സേവനം കൂടി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

## റിപ്പോർട്ട് തയ്യാറാക്കിയ ടീം

1. ഡോ.ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്, സബ് കളക്ടർ ദേവികുളം (ടീം ലീഡർ)
2. ശ്രീ അജിത്കുമാർ എം പി, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്.
3. ശ്രീ സാജു സെബാസ്റ്റ്യൻ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഇടുക്കി
4. ശ്രീ അനിൽ കുമാർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, അടിമാലി
5. ശ്രീ പ്രഭാകരൻ എം, പ്രൊജക്ട് മാനേജർ (ട്രൈബൽ) കുടുംബശ്രീ


Team @ Parappayar Kudi